നം.കെ.എസ്.എ.പി.റ്റി.എ.പി6/720/2019 തീയതി: 25.07.2019

**പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

**റാന്നി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 16.01.2019 മുതൽ 20.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ പഞ്ചായത്ത് പ്രദേശത്ത് വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടാകുകയും പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരുന്ന ഫയലുകളും അനുബന്ധ രേഖകളും ഓഫീസ് ഉപകരണങ്ങളും വീണ്ടെടുക്കാൻ സാധിക്കാത്ത രീതിയിൽ നഷ്ടപ്പെടുകയുമുണ്ടായി. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളും ഓൺലൈൻ രേഖകളും(വാർഷിക റിപ്പോർട്ട്, സകർമ്മ മുതലായവ) പരിശോധിച്ചതിൽ നിന്നും സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | പി.കെ വിജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ |
| ***ഓഡിറ്റിന് വിനിയോഗിച്ച സമയം*** | 21.06.2019 മുതൽ 04.07.2019 വരെ |
| ***ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം*** | ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷൈജു.വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി ശശികല രാജശേഖരൻ | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ വി. രവീന്ദ്രൻ പിള്ള | 01.04.2018 മുതൽ 31.07.2018 വരെ |
| ശ്രീമതി ജി.സുധാകുമാരി | 01.08.2018 മുതൽ 31.03.2019 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. റെസീപ്റ്റ് ആന്റ് പേയ്മെന്റ് - 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19
4. ബാലൻസ് ഷീറ്റ്- 2018-19

**സൂചിക**


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ. സി. ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |

| | | |
|---|---|---|
| | ഭാഗം-2 | |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം | 2-1 |
| 13 | പെർമിറ്റ് നൽകിയതിൽ അപാകത | 2-2 |
| 14 | സഞ്ചയ സോഫ്റ്റ് വെയർ, സാംഖ്യ എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 2-3 |
| 15 | സാംഖ്യ സോഫ്റ്റ് വെയറിൽ ക്യാൻസൽ ചെയ്യുന്ന രസീതിലെ തുക സഞ്ചയ സോഫ്റ്റ് വെയറിൽ വരവായി നിലനിൽക്കുന്നു | 2-4 |
| 16 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-5 |
| 17 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-6 |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പിരിവിലെ അപാകതകൾ | 2-7 |
| 19 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം | 2-8 |
| | ഭാഗം-3 | |
| 20 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതിയിൽ അപാകതകൾ | 3-1 |
| 21 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി(എസ്.സി & എസ്.റ്റി)-പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 3-2 |
| 22 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട-പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 3-3 |
| 23 | വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയില്ല | 3-4 |
| 24 | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ ഫർണ്ണീച്ചർ വാങ്ങൽ -അപാകതകൾ | 3-5 |
| 25 | പ്രളയകാലത്ത് വാങ്ങിയ മോട്ടോർ പമ്പുകൾ ഉപയോഗശൂന്യമാവുന്നു | 3-6 |
| 26 | ഡ്രൈവർക്ക് വേതനം നൽകിയത് ക്രമ പ്രകാരമല്ല | 3-7 |
| 27 | പബ്ലിക് കംഫർട്ട് സ്റ്റേഷന്റെ വാട്ടർ ചാർജ്ജ് അടവാക്കി | 3-8 |
| 28 | ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിച്ചില്ല | 3-9 |
| 29 | വയബിലിറ്റി ഗ്യാപ് ഫണ്ട്-സുതാര്യതയില്ലാത്ത ചെലവ് | 3-10 |
| 30 | പദ്ധതികൾ പൂർത്തീകരിച്ചില്ല | 3-11 |
| 31 | ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം | 3-12 |

| | | |
|---|---|---|
| | നടത്തിയ പദ്ധതിയിലെ അപാകതകൾ | |
| 32 | എസ്.എസ്.എ-വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 3-13 |
| 33 | സാന്ത്വന പരിചരണം-മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-14 |
| 34 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 3-15 |
| 35 | ആശ്രയ പദ്ധതി-അവലോകനം | 3-16 |
| 36 | നിക്ഷേപ പ്രവൃത്തികൾ -അപാകതകൾ | 3-17 |
| | ഭാഗം-4 | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിവരം | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 40 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപം | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 44 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബഡ്ജറ്റ് 15.03.2018ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ശേഷം ഭരണസമിതിയുടെ 23.03.2018 ലെ I-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് 20.02.2019ൽ അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ഇനം* | *പ്രതീക്ഷിച്ചത് (ബജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 8316666 | 11430583 | 3113916 | |
| വരവ് | 96568000 | 50557767 | | 46010233 |
| ആകെ | 104884666 | 61988350 | | 42896316 |
| ചെലവ് | 100138175 | 51422728 | | 48715447 |
| നീക്കിയിരിപ്പ് | 4746491 | 10565622 | 5819131 | |

# 1-2 വാർഷിക ധനകാര്യപത്രിക

| | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| *വർഷം* | | |
| 2018-19 | 31.07.2019 | 25.04.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2018-19 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ പരാമർശിച്ച് 08/07/2019 ലെ കെ എസ് എ പിറ്റിഎ/പി1/602(27)-ാം നമ്പർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 11430583.21 |
| വരവ് | 50557767 |
| ആകെ | 61988350.21 |
| ചെലവ് | 51422728 |
| നീക്കിയിരിപ്പ് | 10565622.21 |

## 1-5 ഫണ്ട് വിനിയോഗം(എ. സി. ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ തുക | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9473000 | 9473000 | 9349808 | 0 | 98 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2881000 | 2881000 | 2881000 | 0 | 100 |
| വികസന ഫണ്ട് (റ്റി.എസ്സ്.പി) | 0 | 235000 | 235000 | 235000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5516000 | 5516000 | 5516000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2780000 | 2780000 | 1224625 | 0 | 44 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6024493 | 6024493 | 3518364 | 2506129 | 58 |
| എസ്.ബി.ഐ-ഇ-പേയ് മെന്റ് | 31319 | 581671 | 612990 | 289534 | 323456 | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 185336 | 6648673 | 6834009 | 6426779 | 407230 | 94.04 |
| എസ്.ബി.റ്റി ലിറ്ററസി | 501 | 9850 | 10351 | 9822 | 529 | 94.89 |
| എൻ. ആർ. ഇ. ജി.എസ് | 1765 | 15539150 | 15540915 | 15535200 | 5715 | 99.39 |
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 8240 | 5001006 | 5009246 | 3573664 | 1435582 | 71.34 |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മൽ പുരസ്കാരം | 14021 | 782 | 14803 | - | 14803 | 0 |
| തനത് ഫണ്ട് | 14492.21 | 0 | 14492.21 | 0 | 14492.21 | 0 |
| തനത് ഫണ്ട് | 10618167 | 8384425 | 19002592 | 10833745 | 8168847 | 57.01 |
| ജലനിധി | 428677 | 152765 | 581442 | 576402 | 5040 | |

കുറിപ്പ്:- എം.എൻ ലക്ഷം വീട്, ഇ.എം.എസ്. ഹൗസിംഗ് സ്കീം എന്നിവയുടെ അക്കൗണ്ടുകളിൽ 100 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. നിലവിൽ ഈ അക്കൗണ്ടുകൾ നിഷ്ക്രിയമാണ്. തനത്ഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തിയിട്ടുള്ളത് ക്ലോസ് ചെയ്ത് ഒരു അക്കൗണ്ട് മാത്രമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *വർഷം* | *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *ഭാഗികമായി നടപ്പാക്കിയത്* | *നടപ്പാക്കാത്തവ* | *പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം* |
|---|---|---|---|---|---|---|---|
| 2018-19 | 159 | 61151481 | 117 | 36697902 | | 42 | 73.58 |

<u>**പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ**</u>

ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകളിൽ യഥാസമയം ഫണ്ട് ലഭ്യമാകാത്തതിനാൽ തൻ വർഷം പൂർത്തീകരിക്കാതെ സ്പിൽ ഓവറായിട്ടുണ്ട്.

2.റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ റോഡിന്റെ മൊത്തത്തിലുള്ള ദൂരത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വാർഡടിസ്ഥാനത്തിൽ ചെറിയ ഭാഗങ്ങളാക്കി കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.

3.പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികൾ (വനിതാ ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

<u>**പദ്ധതി നിർവ്വഹണ വിവരങ്ങൾ**</u>

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 14 | 9183900 | 12 | 4460937 | 48.57 |
| സേവനം | 64 | 35120599 | 48 | 21684631 | 61.74 |
| പശ്ചാത്തലം | 81 | 16846982 | 57 | 10552334 | 62.64 |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 20 | 12729087 | 10516092 | 82.61 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 997650 | 851864 | 85.39 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 90 | 58 | 21310122 | 9461676 | 44.4 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1 | 1 | 604200 | 600000 | 99.3 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 75000 | 75000 | 100 |
| വി.ഇ.ഒ | 10 | 8 | 14397100 | 7964476 | 55.32 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 2599300 | 1740211 | 66.95 |
| കൃഷി ഓഫീസർ | 6 | 6 | 5529900 | 2986150 | 54 |
| വെറ്ററിനറി സർജൻ | 3 | 3 | 1104000 | 1104000 | 100 |
| എച്ച്.എം, ഗവ. യു.പി.എസ് | 6 | 4 | 1005122 | 857646 | 85.33 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000 | 140787 | 35.2 |
| **ആകെ** | **159** | **117** | **61151481** | | |

# 1-7 തൊഴിലുറപ്പ് പദ്ധതി

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1765 | 619640 | 621405 | 615690 | 5715 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14810510 | 14810510 | 14810510 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 109000 | 109000 | 109000 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

| *ക്രമ നം* | *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവഴിച്ച തുക* | *2018-19 ൽ ലഭിച്ച അപേക്ഷകൾ* | *നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ* | *സമയപരിധി കഴിഞ്ഞ് അനുവദിച്ചവയുടെ എണ്ണം* | *നിരസിച്ചവ* |
|---|---|---|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 2531 | 11163000 | 117 | 74 | 18 | 25 |
| 2 | കർഷകത്തൊഴിലാളി പെൻഷൻ | 87 | 374000 | 1 | 1 | - | - |
| 3 | വിധവാ പെൻഷൻ | 1394 | 5810500 | 17 | 10 | 7 | - |
| 4 | അവിവാഹിതരായ | 36 | 150400 | 2 | 2 | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | | | | | | |
| 5 | വികലാംഗ പെൻഷൻ | 486 | 2070100 | 6 | 6 | - | - |
| 6 | തൊഴിൽ രഹിത വേതനം | 22 | 21000 | 2 | 2 | - | 2 |

***** പ്രളയത്തിന് ശേഷം ലഭിച്ച അപേക്ഷകളുടെ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2019 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 5722( അയ്യായിരത്തി എഴുനൂറ്റി ഇരുപത്തിരണ്ട് രൂപാ മാത്രം ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/2019 | 2019 മാർച്ച്, ഏപ്രിൽ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2014മുതൽ 05.05.2014 വരെ | 2013-14 | 21.07.2014 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. B-11 ഷെഡ്യൂൾ:- എ.സി.ആർ. പ്രകാരം Land ന വേണ്ടി തൻവർഷം 90000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ B-11 പ്രകാരം ആസ്തിയുടെ മൂല്യം 11667 രൂപയാണ്.
2. B-15ഷെഡ്യൂൾ:-വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി(അരിയർ, കറന്റ് ) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. I-6ഷെഡ്യൂൾ:- MGNREGS ന്റെ ക്യാഷ് ബുക്ക് രജിസ്റ്റർ പ്രകാരം ചെലവു തുക 15535200 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ടി ഷെഡ്യൂളിലെ തുക 15741800 രൂപയാണ്.
4. RP-20 ഷെഡ്യൂൾ:- സുലേഖ സോഫ്റ്റ്‌വെയറിലെ ചെലവുപത്രിക പ്രകാരം തൻവർഷം 6175824രൂപയുടെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ടി ഷെഡ്യൂൾ പ്രകാരം Road Asset -Cement Concrete ലെ തുക 6256927 രൂപയാണ്.

## <u>ഭാഗം -2</u>

## <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു

കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത്, 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് രേഖകൾ, അസസ്മെന്റ് രജിസ്റ്റർ എന്നിവ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ നഷ്ടപ്പെട്ടതിനാൽ സഞ്ചയസോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയമാണ് പരിശോധിച്ചത്. അതുപ്രകാരം 100/200ചതുരശ്രമീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല എന്ന് വ്യക്തമായി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (വാണിജ്യാവശ്യത്തിനുള്ള100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ , റസ്റ്റോറന്റ്, ഷോപ്പുകൾ മുതലായവയ്ക്ക് 70 രൂപാ പ്രകാരവും, വാണിജ്യാവശ്യത്തിനുള്ള 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ മുതലായവയ്ക്ക് 90രൂപാ പ്രകാരവുമാണ് നികുതി നിശ്ചയിക്കേണ്ടിയിരുന്നത്.)

| ക്രമ നമ്പർ | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 1/117A വാണിജ്യം | ശ്രീ.വി.ആർ അജയചന്ദ്രൻ വെള്ളിയേടത്ത് തോട്ടമൺ.പി.ഒ | 18.71 | 50 | 70 |
| 2 | 1/117B വാണിജ്യം | | 87.27 | 70 | 70 |
| 3 | 1/117F വാണിജ്യം | | 17.98 | 50 | 70 |
| 4 | 1/117G വാണിജ്യം | | 17.98 | 50 | 70 |
| 5 | 1/117H വാണിജ്യം | | 17.98 | 50 | 70 |
| ആകെ | | | 159.92 | | |
| 6 | 2/675 A വാണിജ്യം | ശ്രീ.ഉണ്ണിട്ടൻ ചാക്കോ ഓതറ വീട് ഐത്തല.പി.ഒ | 31.22 | 50 | 70 |
| 7 | 2/675B വാണിജ്യം | | 79.7 | 50 | 70 |
| ആകെ | | | 110.92 | | |
| 8 | 13/130B വാണിജ്യം | ശ്രീ. സി.റ്റി.എബ്രഹാം ചരിവുപറമ്പിൽ ഇടക്കുളം | 55.91 | 50 | 70 |
| 9 | 13/130C വാണിജ്യം | | 36.5 | 70 | 70 |
| 10 | 13/130D വാണിജ്യം | | 59.29 | 50 | 70 |
| ആകെ | | | 151.70 | | |

| ക്രമ നമ്പർ | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 13/245A വാണിജ്യം | തഹസിൽദാർ താലൂക്ക് ഓഫീസ് റാന്നി | 17.95 | 50 | 70 |
| 2 | 13/245B വാണിജ്യം | | 17.95 | 50 | 70 |
| 3 | 13/245C വാണിജ്യം | | 17.95 | 50 | 70 |
| 4 | 13/245D വാണിജ്യം | | 17.95 | 50 | 70 |
| 5 | 13/245E വാണിജ്യം | | 17.95 | 50 | 70 |
| 6 | 13/245F വാണിജ്യം | | 17.95 | 50 | 70 |
| 7 | 13/245G വാണിജ്യം | | 17.95 | 50 | 70 |
| ആകെ | | | 125.65ച.മീ | | |

| കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|
| 1/708 I വാണിജ്യം | ശ്രീ.ഷാജി തോമസ് പാലനിൽക്കുന്നതിൽ ഈട്ടിച്ചുവട് റാന്നി.പി.ഒ | 213.52 | 60 | 90 |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.17തീയതി. 01.07.2019) അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പുനർനിർണ്ണയിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

# 2-2 പെർമിറ്റ് നൽകിയതിൽ അപാകത

2018-19 വർഷം ശ്രീ എൻ. ശ്രീകുമാരൻ നായർ, ഒറ്റപ്പനാൽ ലക്ഷ്മിനികേത്, റാന്നി എന്നയാൾക്കും ശ്രീ. എൻ സോമനാഥൻ നായർ, ഒറ്റപ്പനാൽ ഐശ്വര്യ എന്നയാൾക്കും ഒരേ പ്ലോട്ടിൽ കൊമേഴ്സ്യൽ വിഭാഗത്തിൽപ്പെടുന്ന മൂന്നുനിലകളിലായുള്ള രണ്ട് കെട്ടിടങ്ങൾ പണിയുന്നതിനുള്ള പെർമിറ്റ് നൽകിയിരുന്നു. നൽകിയ പെർമിറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് ലഭിച്ച ആളുടെ പേരും വിലാസവും | പെർമിറ്റ് നമ്പരും തീയതിയും | കെട്ടിടത്തിന്റെ ആകെ പ്ലോട്ട് ഏരിയ | കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ | കെട്ടിടത്തിന്റെ ആകെ കാർപ്പറ്റ് ഏരിയ |
|---|---|---|---|---|---|
| 1 | ശ്രീ എൻ. ശ്രീകുമാരൻ നായർ, ഒറ്റപ്പനാൽ ലക്ഷ്മി നികേത്, റാന്നി | B3-BA (19638)/2019 തീ 25-10-2018 | 243 ച.മീ | 337.8 ച.മീ | 270.22 ച.മീ |
| 2 | ശ്രീ എൻ സോമനാഥൻ നായർ, ഒറ്റപ്പനാൽ ഐശ്വര്യ , റാന്നി | B3-BA (19649)/2019 തീ 25-10-2018 | 340 ച.മീ | 494.75 ച.മീ | 395.80 ച.മീ |

രണ്ട് കെട്ടിടങ്ങളും ഒരേ പ്ലോട്ടിൽ തന്നെ അഭിമുഖമായാണ് നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നത്. കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ കെട്ടിടത്തിന് പുറകുവശത്തായാണ് കാണിച്ചിരിക്കുന്നത്. രണ്ട് കെട്ടിടങ്ങളുടെയും ഇടയിലുള്ള വഴിയിലൂടെയാണ് (3.60 മീ വീതി) പാർക്കിംഗ് ഏരിയയിലേക്ക് പോകേണ്ടത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടി കെട്ടിടങ്ങൾക്ക് ആവശ്യമായ പാർക്കിംഗ് ഏരിയ ഉള്ളതായി കാണാൻ കഴിഞ്ഞില്ല.

ക്രമ നം-1 പ്രകാരമുള്ള കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ 270.22 ച.മീ ആണ്. റൂൾ 38(2)പ്രകാരം 4 കാർ പാർക്കിംഗ് ആവശ്യമാണ്. 4 കാർ പാർക്കിംഗിന് ആവശ്യമായ വിസ്തീർണ്ണം 60ച.മീ ആണ്. കാറ്റഗറി 2 പഞ്ചായത്തായതിനാൽ ഇതിന്റെ 75% വിസ്തീർണ്ണമായ 45 ച.മീ കാർ പാർക്കിംഗിന് ആവശ്യമാണ്. കൂടാതെ ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിന് 25% സ്ഥലം ആവശ്യമാണ്. ഇത് പ്രകാരം 11.25 ച.മീ ആവശ്യമാണ്. ഇത് പ്രകാരം ഒന്നാമത്തെ കെട്ടിടത്തിന് ആവശ്യമായ ആകെ പാർക്കിംഗ് ഏരിയ 56.25 ച.മീ ആണ്.

ക്രമ നം-2 പ്രകാരമുള്ള കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ 395.80 ച.മീ ആണ്. റൂൾ 38(2)പ്രകാരം 6 കാർ പാർക്കിംഗ് ആവശ്യമാണ്. 6 കാർ പാർക്കിംഗിന് ആവശ്യമായ വിസ്തീർണ്ണം 90ച.മീ ആണ്. കാറ്റഗറി 2 പഞ്ചായത്തായതിനാൽ ഇതിന്റെ 75% വിസ്തീർണ്ണമായ 67.5 ച.മീ കാർ പാർക്കിംഗിന് ആവശ്യമാണ്. കൂടാതെ ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിന് 25% സ്ഥലം ആവശ്യമാണ്. ഇത് പ്രകാരം 16.875 ച.മീ ആവശ്യമാണ്. ഇത് പ്രകാരം രണ്ടാമത്തെ കെട്ടിടത്തിന് ആവശ്യമായ ആകെ പാർക്കിംഗ് ഏരിയ 84.375 ച.മീ ആണ്.

രണ്ട് കെട്ടിടങ്ങളും ഒരേ പ്ലോട്ടിലായതിനാൽ പാർക്കിംഗ് ഏരിയ പൊതുവാണ്. മുകളിൽ പറഞ്ഞ പ്രകാരം രണ്ട് കെട്ടിടങ്ങൾക്കും കൂടി ആവശ്യമായ ആകെ പാർക്കിംഗ് ഏരിയ 140.625 ച.മീ ആണ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ പുറകിൽ 100ച.മീറ്ററിൽ താഴെ മാത്രമാണ് ശൂന്യമായ സ്ഥലം ഉള്ളത്. ഇത് പൂർണ്ണമായും പാർക്കിംഗിനായി വിനിയോഗിച്ചാൽ തന്നെ പാർക്കിംഗ് ഏരിയ ആവശ്യമായതിൽ നിന്നും 50 ച.മീറ്ററിൽ കൂടുതൽ കുറവുണ്ട്. കൂടാതെ വാഹനങ്ങൾ വളഞ്ഞ് തിരിയുന്നതിനും ടി സ്ഥലം തന്നെയാണ് ഉപയോഗപ്പെടുത്തേണ്ടത്.

കെ.പി.ബി.ആർ റൂൾ റൂൾ 27(5) പ്രകാരം കെട്ടിടത്തിന്റെ മുൻവശവും പിൻവശവും ഒഴികെയുള്ള വശങ്ങളിൽ ഒന്നിന് 1.2 മീറ്ററിൽ കുറയാതെയും മറുവശത്തിന് ഒരു മീറ്ററിൽ കുറയാതെയും സ്ഥലമുണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടി ചട്ടം പാലിച്ചതായി കാണാൻ കഴിഞ്ഞില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-21 തീ 03-07-2019) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് മറുപടി സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടമായതിനാൽ അപാകതകൾ പരിഹരിക്കേണ്ടതും ആയത് പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

# 2-3 സഞ്ചയ സോഫ്റ്റ്‌വെയർ, സാംഖ്യ എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ, സാംഖ്യ എന്നിവയിലെ ഡിമാന്റ്, കളക്ഷൻ തുകകളിൽ താഴെപ്പറയുന്ന വ്യത്യാസം ഉണ്ട്.

| | സഞ്ചയ | | സാംഖ്യ | | വ്യത്യാസം | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| Residential(Current) | 1758820 | 1560607 | 1758820 | 1560607 | 0 | 0 |
| Non-Residential(Current) | 1521134 | 1239159 | 1521134 | 1232492 | 0 | 6667 |
| Residential(Arrear) | 343724 | 224245 | 378105 | 231147 | -34381 | -6902 |
| Non-Residential(Arrear) | 754641 | 424703 | 669771 | 397813 | 84870 | 26890 |

ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/25.06.2019) സഞ്ചയ പ്യൂരിഫിക്കേഷനിലെ അപാകത മൂലമാണ് ടി വ്യത്യാസം ഉണ്ടായിരിക്കുന്നതെന്നും ആയത് പരിഹരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

# 2-4 സാംഖ്യ സോഫ്റ്റ് വെയറിൽ ക്യാൻസൽ ചെയ്യുന്ന രസീതിലെ തുക സഞ്ചയ സോഫ്റ്റ് വെയറിൽ വരവായി നിലനിൽക്കുന്നു.

വസ്തുനികുതിയിനത്തിൽ ഫ്രണ്ട് ഓഫീസിൽ പ്രിന്റ് ചെയ്യുകയും പിന്നീട് ക്യാൻസൽ ചെയ്യുകയും ചെയ്ത പല സാംഖ്യ രസീതുകളിലെയും തുക സഞ്ചയസോഫ്റ്റ്‌വെയറിൽ വരവായിത്തന്നെ നിലനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്യാൻസൽ ചെയ്ത സാംഖ്യ രസീത് നമ്പർ/ തീയതി | ഉടമസ്ഥന്റെ പേര് | കെട്ടിടനമ്പർ | വസ്തുനികുതി (രൂപ) |
|---|---|---|---|
| 118010103273/17.01.2019 | എം.കെ.എബ്രഹാം | 13/487 | 1294 |
| 118010103508/ 23.01.2019 | രാജി.കെ.എസ് | 8/216A | 1549 |
| 118010103762/ 28.01.2019 | എം.പി.ജോസഫ് | 2/387 | 282 |
| 118010104487/ 13.02.2019 | പി.ജെ.ജേക്കബ് | 2/714 B | 1555 |
| 118010104753/ 21.02.2019 | രഞ്ജു.പി.നായർ | 2/111B | 1332 |
| 119010100389/ 27.04.2019 | റെജിമോൻ തോമസ്, ജോയ്സ് റെജി | 3/450 A | 2917 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ മേൽ പറഞ്ഞ കെട്ടിടങ്ങളുടെ ഡിമാന്റ് പരിശോധിക്കുമ്പോൾ ക്യാൻസൽ ചെയ്ത രസീതിലെ തുക കളക്ഷനായി വന്നിരിക്കുന്നു. യഥാർത്ഥത്തിൽ പഞ്ചായത്തിന് പണം ലഭിക്കാതെ തന്നെ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് കുറയുന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 ഓഡിറ്റ് റിപ്പോർട്ടിലെ ഖ: 2-2 ൽ സോഫ്റ്റ്‌വെയറിലെ ഈ അപാകത ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും ആയത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഈ അപാകത പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1.താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, റാന്നി | രണ്ടാം അർദ്ധവർഷം |
| 2 | കേരള ഹൗസിംഗ് ഫിനാൻസ്,റാന്നി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

2. കേരള ഹൗസിംഗ് ഫിനാൻസ്, റാന്നി എന്ന സ്ഥാപനം 2015-16 വർഷം മുതൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. നാളിതുവരെ ടി സ്ഥാപനം തൊഴിൽനികുതി , സ്ഥാപന തൊഴിൽനികുതി എന്നിവ അടവാക്കിയിട്ടില്ല. ടി സ്ഥാപനത്തിൽ നിന്നും നിയമാനുസൃതമായ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3.പഞ്ചായത്ത് പരിധിയിലുള്ള 11റേഷൻ കടകൾ, ഒരു മാവേലി സ്റ്റോർ, രണ്ട് ക്ഷീരസഹകരണ സംഘങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം.18/01.07.2019) മറുപടിയായി ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ അംഗീകൃത കോൺട്രാക്ടർമാരായ, ചുവടെ പറയുന്ന വ്യക്തികളിൽനിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. പി.വി.സോമശേഖരൻ നായർ, പടറ്റുകാലായിൽ, ഐത്തല
2. എം.എ.ബാബു, മരുതോലിക്കുഴിയിൽ, പുതുശ്ശേരിമല
3. കുര്യൻ.കെ.വർഗ്ഗീസ്, കളയ്ക്കാലിൽ, കുമ്പളാംപൊയ്ക
4. ലിസ്സൺ ഏലിയാസ്, തച്ചേടത്ത്, സീതത്തോട്
5. അനീഷ് സഖറിയ,കടക്കേത്ത്, റാന്നി
6. റിജോ എബ്രഹാം, തെങ്ങും തോട്ടത്തിൽ-ചക്കുമൂട്ടിൽ, റാന്നി
7. ജിൻസ്.പി.ജയിംസ്, പള്ളിക്കമയ്യാലിൽ, തൊടുപുഴ
8. ടി.ആർ.സുനിൽകുമാർ, തോമ്പിൽ പുത്തൻവീട്, മന്ദിരം
9. സൈജു.വി.എസ്.നായർ, വലിയകാലായിൽ, പുതുശ്ശേരിമല
10. വിജയൻ, മാമ്പാറ, റാന്നി-പെരുനാട്

11. ശ്രീകുമാർ, ഈട്ടിക്കൽ ശ്രീഭവൻ, കാഞ്ഞീറ്റുകര
12. സാബു.കെ.എബ്രഹാം, കണ്ണൻകുഴയത്ത്, റാന്നി
13. ജയകൃഷ്ണൻ.ആർ.നായർ, മീനമ്പിൽ,തോട്ടമൺ
14. സി.ആർ.രഘു, ചുവന്നമുണ്ടയ്ക്കൽ, ഐത്തല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽനികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവരിൽ നിന്നും നിയമാനുസൃതം തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-7 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പിരിവിലെ അപാകതകൾ

2017-18 വർഷം 240 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ ഭൂരിപക്ഷം അപേക്ഷകളും നഷ്ടപ്പെട്ടുപോയിട്ടുള്ളതാണ്. 51 അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ലൈസൻസ് ഫീ നിശ്ചയിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ടി ഭേദഗതി പ്രകാരം 2018-19 വർഷത്തിൽ ഫീസ് പിരിക്കുന്നതിന് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അപേക്ഷകരിൽ നിന്ന് മൂലധനനിക്ഷേപം രേഖപ്പെടുത്തി വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/02.07.2019) നിലവിൽ പുതുക്കിയ മാനദണ്ഡത്തിനനുസരിച്ചുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളതായി രേഖപ്പെടുത്തലുകൾ ഇല്ല. ഇവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ഇവയെ നിയമാനുസൃതമായ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭ്യമായിട്ടില്ല

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28.09.2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2017-18 മുതൽ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെ | ഒടുക്കിയ | തിരികെ | ബാലൻസ് |
|---|---|---|---|---|

| | എണ്ണം | ടെണ്ടർഫീ | ലഭിച്ച തുക | |
|---|---|---|---|---|
| 2017-18 | 11 | 9500 | ഇല്ല | 9500 |
| 2018-19 | 40 | 76188 | | 76188 |
| ആകെ | | 85688 | | 85688 |

2017-18 മുതൽ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാത്തതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക് വാങ്ങൽ പദ്ധതിയിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | തെരുവ് വിളക്ക് വാങ്ങൽ (63/18-19) |
| വകയിരുത്തിയ തുക | 300000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>4000095- തനത് ഫണ്ട് |
| ചെലവഴിച്ച തുക | 300000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>288116- തനത് ഫണ്ട്<br>**ആകെ- 588116 രൂപ** |
| ബിൽ നമ്പരും തീയതിയും | ബിൽ നം-20 തീ 31-10-2018- 1000313 രൂപ<br>ബിൽ നം-23 തീ 15-11-2018- 99374 രൂപ<br>ബിൽ നം-28 തീ 13-12-2018 -100313<br>ചെക്ക് നം- 18093 തീ 29-03-2019- 40294 രൂപ<br>ചെക്ക് നം- 2402394 തീ 15-03-2019- 247822 രൂപ<br>**ആകെ- 588116 രൂപ** |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ടെണ്ടർ നടപടികൾ പ്രകാരം വിജയ ഏജൻസീസ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നുമാണ് തെരുവ് വിളക്കുകൾ വാങ്ങിയത്. വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനത്തിന്റെ പേര് | എണ്ണം (ബിൽ പ്രകാരം) | | | | | | ആകെ എണ്ണം | യൂണിറ്റ് നിരക്ക് | ആകെ തുക |
|---|---|---|---|---|---|---|---|---|---|---|
| | | 101/19 തീ 30-07-18 | 140/19 തീ 04-10-18 | 169/19 തീ 21-11-18 | 232/19 തീ 21-01-18 | 192/19 തീ 18-12-18 | 266/19 തീ 16-02-19 | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | 23W LED Bulb | 200 | 200 | 200 | 400 | 100 | | 1100 | 305.26 | 335786 |
| 2 | Pendant Holder | 400 | 400 | | 400 | 100 | | 1300 | 11.86 | 15418 |
| 3 | Insulation Tape | 40 | 100 | | | 200 | | 340 | 6.69 | 2275 |
| 4 | 40W Tube | 100 | | | | | | 100 | 27.53 | 2753 |
| 5 | Rotar Holder | 50 | 50 | | | | | 100 | 5.08 | 508 |
| 6 | Side Holder | 500 | 500 | | 300 | 300 | | 1600 | 5.08 | 8128 |
| 7 | Copper Ballast | 70 | 70 | | | | 100 | 240 | 106.77 | 25625 |
| 8 | 36 W Tube | | 100 | 200 | | 200 | | 500 | 27.53 | 13765 |
| 9 | Other acces for installing | | 100 | 100 | 100 | | | 300 | 168.64 | 50592 |
| 10 | Starter | | | 200 | 100 | 100 | | 400 | 6.35 | 2540 |
| 11 | Double Tube Cover | | | 50 | | | | 50 | 668.64 | 33432 |
| 12 | Aluminium wire | | | | 30 | 10 | | 40 | 179.57 | 7183 |
| | CGST-9% | 1623 | 3177 | 5137 | 2624 | 1079 | 961 | | | 14601 |
| | SGST-9% | 1623 | 3177 | 5137 | 2624 | 1079 | 961 | | | 14601 |
| | CGST-6% | 3663 | 3663 | 3663 | 7326 | 1832 | | | | 20147 |
| | SGST-6% | 3663 | 3663 | 3663 | 7326 | 1832 | | | | 20147 |
| | | | | | | | **ആകെ** | | | **567501** |

ടി പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-12-2018-ലെ ബി1-4575/18ാം നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാർ സ്ഥാപനമായ വിജയാ ഏജൻസീസിന് ഒരു കത്ത് നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഓർഡർ നൽകിയ പ്രകാരമുള്ള സാധനങ്ങൾ യഥാസമയം നൽകിയില്ലായെന്നും ആയത് മൂലം പഞ്ചായത്ത് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ഇലക്ട്രീഷ്യനും വാഹനത്തിനും വെറുതെ തുക നൽകേണ്ട അവസ്ഥയുണ്ടായെന്നും പിന്നീട് 24 വാട്സിന്റെ എൽ. ഇ.ഡി ബൾബുകൾക്ക് പകരം 17 വാട്സിന്റെ ബൾബുകളാണ് നൽകിയതെന്നും എഗ്രിമെന്റ് ക്യാൻസൽ ചെയ്ത് നഷ്ടം കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കുമെന്നും രേഖപ്പെടുത്തിയിരുന്നു. ഇത് പ്രകാരം നഷ്ടം ഈടാക്കിയിരുന്നോ?. 26-12-2018-ന ശേഷവും ഗ്രാമപഞ്ചായത്ത് ടി സ്ഥാപനത്തിൽ നിന്നും ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയിരുന്നു.അപാകത പരിഹരിക്കാതെ എപ്രകാരമാണ് ടി സ്ഥാപനത്തിൽ നിന്ന് തന്നെ തുടർന്നുള്ള വാങ്ങലുകൾ നടത്തിയെന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 17 വാട്സിന് പകരം 23 വാട്സിന്റെ ലൈറ്റുകൾ കമ്പനി ചെലവിൽ മാറ്റി സ്ഥാപിച്ചുവെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഇത് സംബന്ധിച്ച് യാതൊരുവിധ രേഖകളും ലഭ്യമാക്കിയില്ല.

2)മുകളിൽ ചൂണ്ടിക്കാട്ടിയ വിവിധ ബില്ലുകൾ പ്രകാരം ആകെ 567501 രൂപയുടെ ഇലക്ട്രിക് ഉപകരണങ്ങളാണ് വാങ്ങിയത്. എന്നാൽ സ്ഥാപനത്തിന് നൽകിയിരിക്കുന്നത് 588116 രൂപയാണ്. ഇത് പ്രകാരം 20615 രൂപ അധികം നൽകി. സ്ഥാപനത്തിന് അധികമയി നൽകിയ 20615 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3)സുലേഖയിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതി ചെലവ് 598809 രൂപയാണ്. ടി തുകയും നൽകിയ തുകയും തമ്മിൽ പൊരുത്തക്കേടുണ്ട്.

4)വിവിധ ബില്ലുകൾ പ്രകാരം 1700 സൈഡ് ഹോൾഡറുകൾ വാങ്ങിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1500 സൈഡ് ഹോൾഡറുകളാണുള്ളത്. സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാത്ത സൈഡ് ഹോൾഡറുടെ വിലയായ 1016 രൂപ (200X5.08) ഓഡിറ്റിൽ നിരാകരിക്കുന്നു.

5) വിവിധ ബില്ലുകൾ പ്രകാരം 1300 ബൾബ് ഹോൾഡറുകൾ വാങ്ങിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1200

ബൾബ് ഹോൾഡറുകളാണുള്ളത്. സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാത്ത സൈഡ് ഹോൾഡറുടെ വിലയായ 1186 രൂപ (100X11.86) ഓഡിറ്റിൽ നിരാകരിക്കുന്നു.

6) ബിൽ നം- 169/19 തീ 21-11-18 പ്രകാരം വാങ്ങിയ 50 ഡബിൾ ട്യൂബുകൾ നിലവിലും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ടി തെരുവ് വിളക്കുകൽ സ്ഥാപിക്കാത്ത സാഹചര്യത്തിൽ ആയതിന്റെ വിലയായ 33432 രൂപ (50X 668.64) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

7)ഗ്രാമപഞ്ചായത്തും കരാർ സ്ഥാപനവുമായുള്ള എഗ്രിമെന്റിൽ തീയതി രേഖപ്പെടുത്തുകയോ മറ്റ് വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-10/26-06-2019) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലുണ്ടായ അപാകത സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത സാഹചര്യത്തിൽ മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ (അപാകത2,4,5,6) 21631 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ അപാകത 6 പ്രകാരമുള്ള 33432 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ആനുപാതികമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി (എസ്.സി & എസ്.റ്റി) - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

1) വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി (എസ്.റ്റി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി ( എസ്.റ്റി) (20/18-19) |
| വകയിരുത്തിയ തുക | 34800- വികസന ഫണ്ട് |
| ചെലവഴിച്ച തുക | 10365 |
| ബിൽ നമ്പരും തീയതിയും | ബിൽ നം-13 തീ 18-01-2019 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ടെണ്ടർ നടപടികൾ പ്രകാരം ശാലോം ഏജൻസീസ്, കുമ്പളാംപൊയ്ക എന്ന സ്ഥാപനത്തിൽ നിന്നുമാണ് വൃദ്ധജനങ്ങൾക്കുള്ള കട്ടിൽ വാങ്ങിയത്. യൂണിറ്റൊന്നിന് (നികുതി ഉൾപ്പെടെ) 3050 രൂപയാണ് നിരക്ക്. ടി പദ്ധതി പ്രകാരം 6 കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത്. ടി പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ശാലോം ഏജൻസീസ്, കുമ്പളാംപൊയ്ക എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങുന്നതിന് അനുമതി നൽകി കൊണ്ടുള്ള ഭരണസമിതി തീരുമാനം, പ്രോക്യർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2)കട്ടിലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തികൊണ്ടുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടില്ല.

3)ബിൽ പ്രകാരം (ബിൽ നം-46 തീ 22-12-2018) 6 കട്ടിലുകളാണ് വാങ്ങിയതെങ്കിലും 4 കട്ടിലുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാത്ത രണ്ട് കട്ടിലുകളുടെ വിലയായ 6100 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

4) ബിൽ പ്രകാരം കട്ടിലുകളുടെ ആകെ വില (നികുതി ഉൾപ്പെടെ) 18300 രൂപയാണ്. എന്നാൽ ട്രഷറിയിൽ നിന്നും ബിൽ മാറി ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്ന തുക 10365 രൂപ മാത്രമാണ്. പ്രോജക്ടിൽ ആവശ്യത്തിന് തുക വകയിരുത്തിയിരുന്നുവെങ്കിലും സ്ഥാപനത്തിന് തുക പൂർണ്ണമായും നൽകാതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-13/28-06-2019) നൽകിയെങ്കിലും രണ്ട് കട്ടിലുകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് യാതൊരുവിധ രേഖകളും ലഭ്യമാക്കിയില്ല. അപാകത 3 പ്രകാരം നിരാകരിച്ച 6100 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2) വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി (എസ്.സി)

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി ( എസ്.റ്സി) (22/18-19) |
| വകയിരുത്തിയ തുക | 217500- വികസന ഫണ്ട് |
| ചെലവഴിച്ച തുക | 213500 |
| ബിൽ നമ്പരും തീയതിയും | ബിൽ നം-14 തീ 18-01-2019 |

ടെണ്ടർ നടപടികൾ പ്രകാരം ശാലോം ഏജൻസീസ്, കുമ്പളാംപൊയ്ക എന്ന സ്ഥാപനത്തിൽ നിന്നുമാണ് വൃദ്ധജനങ്ങൾക്കുള്ള കട്ടിൽ വാങ്ങിയത്. യൂണിറ്റൊന്നിന് (നികുതി ഉൾപ്പെടെ) 3050 രൂപയാണ് നിരക്ക്. ടി പദ്ധതി പ്രകാരം 70 കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത്. ടി പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ശാലോം ഏജൻസീസ്, കുമ്പളാംപൊയ്ക എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങുന്നതിന് അനുമതി നൽകി കൊണ്ടുള്ള ഭരണസമിതി തീരുമാനം, പ്രോക്യർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2)കട്ടിലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തികൊണ്ടുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടില്ല.

3)ബിൽ പ്രകാരം (ബിൽ നം-45 തീ 22-12-2018) 70 കട്ടിലുകളാണ് വാങ്ങിയതെങ്കിലും 64 കട്ടിലുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാത്ത 6 കട്ടിലുകളുടെ വിലയായ 18300 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

4) ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. കൂടാതെ എസ്.സി വിഭാഗത്തിൽപ്പെട്ടവരാണെന്ന് ഉറപ്പുവരുത്താതെയും ആനുകൂല്യം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | അപാകത |
|---|---|---|
| 1 | രമണി ബിജു<br>തെക്കെച്ചരുവിൽ വീട്<br>ഉതിമൂട് | ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താവല്ല |
| 2 | ഗൗരി<br>കുഴിപ്പതാലിൽ വീട്<br>ഉതിമൂട് | ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താവല്ല |
| 3 | പാപ്പൻ<br>തോപ്പിൽ മുരുപ്പേൽ<br>ഉതിമൂട് | എസ്.സി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റില്ല |
| 4 | ദേവകി<br>നെടുവേലികുന്നേൽ<br>ഇടക്കുളം | എസ്.സി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റില്ല |
| 5 | ശാരദ<br>തോപ്പിൽ<br>ഉതിമൂട് | എസ്.സി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റില്ല |

| | | |
|---|---|---|
| 6 | ബാലൻ പടിഞ്ഞാറ്റേതിൽ റാന്നി | ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താവല്ല |
| 7 | ജഗദമ്മ കേശവൻ പാറയ്ക്കൽ മന്ദിരം | ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താവല്ല |
| 8 | ശാന്തമ്മ പുത്തൻപറമ്പിൽ പുതുശ്ശേരിമല | എസ്.സി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റില്ല |
| 9 | എം.കെ രാഘവൻ ഒറ്റക്കല്ലിൽ | എസ്.സി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റില്ല |
| 10 | നാരായണൻ കുത്തുങ്കൽ ഉതിമൂട് | എസ്.സി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റില്ല |

മുകളിൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-13/28-06-2019) നൽകിയെങ്കിലും 6 കട്ടിലുകൾ വിതരണം ചെയ്തത് സംബന്ധിച്ച് യാതൊരുവിധ രേഖകളും ലഭ്യമാക്കിയില്ല. അപാകത 3 പ്രകാരം നിരാകരിച്ച 18300 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ആവശ്യമായ രേഖകളില്ലാതെ കട്ടിൽ വിതരണം (അപാകത-4) ചെയ്ത സാഹചര്യത്തിൽ ആ
യതിന്റെ വിലയായ 30500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പരാമർശിച്ച പ്രകാരമുള്ള രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട (42/18-19) |
| വകയിരുത്തിയ തുക | 90000- വികസന ഫണ്ട് |
| ചെലവഴിച്ച തുക | 30000 |
| ബിൽ നമ്പരും തീയതിയും | ബിൽ നം-19 തീ 28-03-2019 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പെട്ടിക്കട പണിത് നൽകിയത് സംബന്ധിച്ച് സ്ഥാപനത്തിൽ നിന്നുള്ള ബിൽ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം- 14/28-06-2019) നൽകിയതിനെ തുടർന്നാണ് വാല്യുവേഷൻ

സർട്ടിഫിക്കറ്റ് ഹാജരാക്കിയത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ റോഡ് പുറമ്പോക്കിൽ അനധികൃതമായി പെട്ടിക്കട സ്ഥാപിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീ തോമസ് മാത്യു എന്നയാൾ പെട്ടിക്കട സ്ഥാപിച്ചിരിക്കുന്നത് പെരുമ്പുഴ ബസ് സ്റ്റാന്റിലെ പുറമ്പോക്ക് സ്ഥലത്താണ്. കൂടാതെ പെട്ടിക്കടയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ല. മുകളിൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 30000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

# 3-4 വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | അനുപൂരക പോഷകാഹാര പരിപാടി(40/18-19) |
| വകയിരുത്തിയ തുക | 400000- വികസന ഫണ്ട്.<br>350000- കേന്ദ്ര വിഹിതം<br>750000- ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ- 1500000 |
| ചെലവഴിച്ച തുക | 305777- ബിൽ നം-1 തീ 04-07-2018<br>94223- ബിൽ നം-12 തീ 26-11-2018<br>552460-- ചെക്ക് നം-1025208 തീ 21-12-2018<br>100000- ചെക്ക് നം-3025990 തീ 28-03-2019<br>14104- ചെക്ക് നം-532792 തീ 28-03-2019<br>ആകെ- 1066564 രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ടി പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചെക്ക് നം-532792 തീ 28-03-2019 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വാങ്ങിയ 14104 രൂപ നാളിതു വരെ മാറിയിട്ടില്ല. ഇപ്രകാരം ആവശ്യമില്ലാത്ത തുക ഏതേ സാഹചര്യത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

2) ബിൽ നം-303114 /18183 തീ 31-10-2018 പ്രകാരം വിവിധ അങ്കണവാടികൾക്ക് നൽകുന്നതിനായി 257425 രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിരുന്നു. ടി ബിൽ പ്രകാരം 295 ലിറ്റർ വെളിച്ചെണ്ണ വാങ്ങിയിരുന്നു. ഒരു ലിറ്ററിന് 183.56 രൂപയാണ് വില. എന്നാൽ 270 ലിറ്റർ വെളിച്ചെണ്ണ മാത്രമാണ് സ്റ്റോക്കിലെടുത്തത്.( സ്റ്റോക്ക് രജിസ്റ്റർ പേജ് നം-61). സ്റ്റോക്കിലെടുക്കാത്ത വെളിച്ചെണ്ണയുടെ വിലയായ 3671 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) ബിൽ നം-303114 /18116 തീ 01-08-2018 പ്രകാരം വാങ്ങിയ 184990 രൂപയുടെ നിത്യോപയോഗ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. സ്റ്റോക്കിലെടുക്കാത്ത സാധനങ്ങളുടെ വിലയായ 184990 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (നം- 16/28-06-2019) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി ഹാജരാക്കാമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. ടി വിതരണം സംബന്ധിച്ച് മെയിൻ സ്റ്റോക്ക് രജിസ്റ്റർ, അങ്കണവാടികളിൽ സൂക്ഷിച്ചിട്ടുള്ള സബ്ബ് സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമാക്കി ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-5 ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ ഫർണ്ണീച്ചർ വാങ്ങൽ- അപാകതകൾ

പ്രളയകാലത്ത് ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെള്ളം കയറി താഴത്തെ നിലയിലെ ഫർണ്ണീച്ചറുകൾ പൂർണ്ണമായും നശിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഫർണ്ണീച്ചർ വാങ്ങൽ (പ്രോജക്റ്റ് നം- 166/18-19) എന്ന പ്രോജക്റ്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി. തനത് ഫണ്ടിൽ തുക വകയിരുത്തിയ ടി പദ്ധതിയിലെ ചെലവ് 7,10,117 രൂപയാണ്. മോഹൻ ഏജൻസീസ് , തിരുവല്ല എന്ന സ്ഥാപനത്തിൽ നിന്നമാണ് വാങ്ങൽ നടത്തിയത്. ചെക്ക് നം-210141 തീ 01-10-2018 പ്രകാരം 426117 രൂപയും ചെക്ക് നം-16982 തീ 04-09-2018 പ്രകാരം 284000 രൂപയുമാണ് സ്ഥാപനത്തിന് നൽകിയത്. 9 മോഡേൺ ടൈപ്പ് ടേബിളുകൾ 5 ചെറിയ ഡ്രോയർ ക്യാബിനറ്റുകൾ എന്നിവയാണ് വാങ്ങിയത്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് വാങ്ങൽ നടത്തിയത്. അടിയന്തിര സാഹചര്യം പരിഗണിച്ചാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നത് എന്നാണ് സെക്രട്ടറി എകസിറ്റ് മീറ്റിംഗിൽ അറിയിച്ചത്. പ്രളയകാലത്തെ അടിയന്തിര സാഹചര്യം പരിഗണിക്കാമെങ്കിലും പൂർണ്ണമായും അംഗീകരിക്കാവുന്നതല്ല. ഫർണ്ണീച്ചറുകളുടെ ഗുണനിലവാരം ആരും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കൂടാതെ സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടില്ല.

ഇൻവോയിസ് ബില്ലിലെ തുക പൂർണ്ണമായും സ്ഥാപനത്തിന് നൽകുകയാണ് ചെയ്തിട്ടുള്ളത്. സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി ബിൽ തുക കുറയ്ക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആകെ തുകയിൽ മാറ്റമില്ലെങ്കിലും ഇൻവോയിസിൽ പറഞ്ഞിരിക്കുന്ന ഉപകരണങ്ങളും ഫൈനൽ ബില്ലിൽ പറഞ്ഞിരിക്കുന്ന ഉപകരണങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-6 പ്രളയകാലത്ത് വാങ്ങിയ മോട്ടോർ പമ്പുകൾ ഉപയോഗശൂന്യമാവുന്നു.

പ്രളയകാലത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ശുചിയാക്കുന്നതിന് വാങ്ങിയ മോട്ടാർ പമ്പുകൾ നിലവിൽ ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുന്നു.റെയ്ഡിക്കോ ലിമിറ്റഡ് , കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 38522 രൂപ ചെലവഴിച്ച് Honda 2H.P പമ്പ്സെറ്റുകൾ രണ്ട് എണ്ണവും മുളമൂട്ടിൽ ഏജൻസീസ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും 24250 രൂപ ചെലവഴിച്ച് ഒരു പമ്പ്സെറ്റും വാങ്ങിയിരുന്നു. ടി പമ്പ് സെറ്റുകൾ ഉപയോഗ യോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി പമ്പ്സെറ്റുകളുടെ വാല്യവേഷൻ നിർണ്ണയിച്ച് ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഡ്രൈവർക്ക് വേതനം നൽകിയത് ക്രമപ്രകാരമല്ല

വൗച്ചർ നം-21800594 തീ 01-12-2018 പ്രകാരം ഓഫീസ് വാഹനം അറ്റകുറ്റപ്പണിക്ക് നൽകിയതിനാൽ 2018 നവംബർ 1 മുതൽ 30 വരെയുള്ള കാലയളവിൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്തുവെന്ന് കാണിച്ച് പഞ്ചായത്തിന്റെ താൽക്കാലിക ഡ്രൈവറായ സന്തോഷ്.വി.ബി എന്നയാൾക്ക് വേതനം നൽകി. ചെക്ക് നം-17524/01-12-2018 പ്രകാരം 16100 (23 X 700) രൂപയാണ് പ്രസ്തുത ഇനത്തിൽ നൽകിയത്. ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ടിയാനുമായി കരാർ ചമച്ചിട്ടില്ല. ഇപ്രകാരം ഓഫീസ് അറ്റൻഡന്റായി വേതനം നൽകിയ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-8/26-06-2019) ലഭ്യമാക്കിയ മറുപടിയിൽ ടിയാൻ ഓഫീസ് അറ്റൻഡന്റിന്റെ ജോലി തൃപ്തികരമായി പൂർത്തീരിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രതിഫലം നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള എഗ്രിമെന്റ് വയ്ക്കാത്തതിനാലും ടി കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റിന്റെ തസ്തിക ഒഴിവില്ലാത്തതിനാലും വേതനം നൽകിയ നടപടി അംഗീകരിക്കാൻ കഴിയുന്നതല്ല. ഇത്തരം നടപടികൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-8 പബ്ലിക് കംഫർട്ട് സ്റ്റേഷന്റെ വാട്ടർചാർജ്ജ് അടവാക്കി

ഗ്രാമപഞ്ചായത്തിന്റെ പബ്ളിക് കംഫർട്ട് സ്റ്റേഷന്റെ 2018 ഏപ്രിൽ മാസം വാട്ടർചാർജ്ജിനത്തിൽ 3332 രൂപയും 2018 ആഗസ്റ്റ് മാസം വാട്ടർ ചാർജ്ജിനത്തിൽ 4671 രൂപയും അടവാക്കിയിട്ടുണ്ട്. 2018-19 വർഷം പബ്ലിക് കംഫർട്ട് സ്റ്റേഷന്റെ നടത്തിപ്പ് ശ്രീ ശശിധരൻ,പാറയ്ക്കൽ,മന്ദിരം എന്നയാൾക്ക് ലേലം ചെയ്ത് നൽകിയിരുന്നു. ഇപ്രകാരം ലേലം ചെയ്ത് നൽകിയ സാഹചര്യത്തിൽ വാട്ടർ ചാർജ്ജും ടിയാൻ തന്നെ അടവാക്കണമായിരുന്നു. വാട്ടർചാർജ്ജ് അടവാക്കിയത് ഏത്

സാഹചര്യത്തിലാണെന്ന് വ്യക്തമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-6/26-06-2019)നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ടിയാൻ ഗ്രാമപഞ്ചായത്തിൽ അടവാക്കിയ ഡെപ്പോസിറ്റ് തുകയായ 6300 രൂപ വാട്ടർചാർജ്ജിനത്തിൽ ക്രമീകരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 1703 രൂപ 04-07-2019-ലെ 119010101463-ാം നമ്പർ രസീത് പ്രകാരം അടവാക്കുകയും ചെയ്തു.

ക്രമീകരണം നടത്തിയ 6300 രൂപ സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വരുത്തേണ്ടതും സാംഖ്യ അക്കൗണ്ട്സിൽ ആവശ്യമായ ജേണൽ എൻട്രി നടത്തേണ്ടതുമാണ്. കൂടാതെ ടി ക്രമീകരണത്തിന് ഭരണസമിതിയുടെ സാധൂകരണം വാങ്ങേണ്ടതുമാണ്. നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-9 ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിച്ചില്ല

വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി 1702384 രൂപ ജില്ലാ ശുചിത്വമിഷനിൽ നിന്നും 2018-19 വർഷം ലഭിച്ചുവെങ്കിലും തുക ഓഡിറ്റ് സമയം വരെ വിനിയോഗിച്ചിട്ടില്ല. 20-04-2018-ൽ 1200000 രൂപ ഹരിത കർമ്മ സേനയുമായി ബന്ധപ്പെട്ട് മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനും 502384 രൂപ പ്രളയബാധിത പ്രദേശങ്ങളിൽ ടോയ് ലറ്റ് നിർമ്മാണത്തിനുമായി 15-02-2019-ലും ലഭിച്ച തുകയാണ്. എന്നാൽ ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 2018-19 വർഷം പ്രോജക്ട് ആവിഷ്ക്കരിച്ചില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പ്രളയബാധിത പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം-174/19 പ്രകാരവും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം- 163/19 പ്രകാരം മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം എന്ന പ്രോജക്ടും ആവിഷ്ക്കരിച്ചു. എന്നാൽ ഓഡിറ്റ് സമയത്തും ടി പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിച്ചിട്ടില്ല. പ്രളയബാധിത പ്രദേശങ്ങളിലെ ടോയ് ലറ്റ് നിർമ്മാണം അടിയന്തിര പ്രാധാന്യമുള്ള പ്രോജക്ടാണ്. ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തിയാക്കേണ്ടതും ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചും മറുപടി ലഭ്യമാക്കേണ്ടതാണ്.

# 3-10 വയബിലിറ്റി ഗ്യാപ് ഫണ്ട്-സുതാര്യതയില്ലാത്ത ചെലവ്

| | |
|---|---|
| പ്രോജക്റ്റ് നം | എസ് 150/2019 |
| പ്രോജക്റ്റിന്റെ പേര് | വേസ്റ്റ് മാനേജ്മെന്റ്-വയബിലിറ്റി ഗ്യാപ് ഫണ്ട് |
| അടങ്കൽ | 325000(311678(ധനകാര്യ കമ്മീഷൻ അവാർഡ്)+13322(വികസന ഫണ്ട്-ജനറൽ)) |
| ചെലവ് | 258570 |
| ബിൽ നം | 1/18-19 28.06.2018 129285<br>25/18-19 19.03.2019 129285 |

03.03.2018 ലെ സ.ഉ.(സാധാ) നം 596/2018/തസ്വഭവ നം ഉത്തരവ് പ്രകാരം ഹരിത കേരള ശുചിത്വ മിഷന്റെ ഭാഗമായി ഹരിത കർമ്മ സേനകൾ, ഹരിത സഹായ സ്ഥാപനങ്ങൾ, ക്ലീൻ കേരള കമ്പനി എന്നിവയുടെ പ്രവർത്തനങ്ങൾക്ക് യൂസർ ഫീ ഉറപ്പാക്കുന്നത് വരെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിന് വകമാറ്റി വച്ചിട്ടുള്ള പത്ത് ശതമാനം തുകയിൽ നിന്നും ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. 30.10.2017ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര യോഗ പ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിന് ഏജൻസിയുമായി കരാറിലേർപ്പെടുന്നതിനും വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനെ സംബന്ധിച്ചും മീറ്റിംഗിൽ ചർച്ച ചെയ്യുകയും തിരുവല്ലയിലെ ക്രിസ് ഗ്ലോബൽ എന്ന സ്ഥാപനത്തിന് 3 മാസത്തേക്ക് മാലിന്യ നിർമ്മാർജ്ജനത്തിന്റെ ചുമതല നൽകുകയുമുണ്ടായി. പഞ്ചായത്തിലെ 9 വ്യക്തികൾ ഹരിത കർമ്മ സേനയിൽ ജോലി ചെയ്യുവാൻ താത്പര്യമാണെന്ന് അറിയിച്ച് 11/2017ൽ അപേക്ഷ നൽകിയിരുന്നു. ഹരിത കർമ്മ സേന പഞ്ചായത്തിൽ രൂപീകരിച്ചിരുന്നുവെങ്കിലും ആയത് പരിഗണിക്കാതെ ഏജൻസിക്ക് മാലിന്യ നിർമ്മാർജ്ജന ചുമതല നൽകുകയാണുണ്ടായത്. 06.12.2017ൽ കമ്പനിയുമായി കരാറിലേർപ്പെട്ടു. ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 23.05.2018ലെ എച്ച്.കെ.എം./എ2/1218/2017-ാം നമ്പർ നടപടിക്രമ പ്രകാരം ഒരു വാർഡിലെ പരമാവധി വീടുകളുടെ എണ്ണം 500 ആയി നിജപ്പെടുത്തേണ്ടതും ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക(വാർഡ് ഒന്നിന് 23175 രൂപ) അധികരിക്കാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിരുന്നു.

17.06.2018 ലെ ക്യാഷ് ബിൽ നം gst/2k18/76/ പ്രകാരം 2018ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുകയായി പ്രതിമാസം 43095രൂപ നിരക്കിൽ 129285രൂപ ക്രിസ് ഗ്ലോബലിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 1.10.2018 ലെ ക്യാഷ് ബിൽ(gst/2k18/81) പ്രകാരം 2018ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ തുകയായി ഇതേ തുക തന്നെ സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. ആകെ 13 വാർഡുകളിൽ 7 വാർഡുകളിലെ വാർഡ് മെമ്പർമാരുടെ മാത്രം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. സാക്ഷ്യപത്രത്തിൽ "2019ജനുവരി മുതൽ ജൂൺ വരെ എല്ലാ വീടുകളും" എന്ന് രേഖപ്പെടുത്തിക്കാണുന്നു. ആയതിൽ 9-ാം വാർഡിലെ മെമ്പർ ജനുവരി, ഫെബ്രുവരി,മാർച്ച് എന്നീ മാസങ്ങളിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. 5 വാർഡുകളിൽ ഏജൻസി പ്രവർത്തിച്ചത് സംബന്ധിച്ച് മെമ്പർമാരുടെ സാക്ഷ്യപത്രമില്ല. ഹരിത കർമ്മ സേനയായി പ്രവർത്തിച്ച ഏജൻസി വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ചത് സംബന്ധിച്ചും അവർക്ക് നൽകിയ സേവനങ്ങളെ സംബന്ധിച്ചും യാതൊരു രേഖയും ഹാജരാക്കാതെയാണ് തുക പിൻവലിച്ച് നൽകിയിട്ടുള്ളത്. വാർഡുകളുടെ ശുചീകരണം ലക്ഷ്യമാക്കി നടത്തിയിട്ടുള്ള പ്രവർത്തനത്തിൽ പൊതുസ്ഥലങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് യാതൊരു നടപടിയും ഏജൻസി സ്വീകരിക്കുകയോ ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണസമിതി ഏജൻസിക്ക് നൽകുകയോ ചെയ്തിട്ടുമില്ല.

സേവനങ്ങളെ സംബന്ധിച്ച രേഖകൾ ഹാജരാക്കാതെയും സന്ദർശിച്ച വീടുകളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാതെയും പൊതുസ്ഥലത്തെ മാലിന്യ നിർമ്മാർജ്ജനത്തിന് നടപടികൾ ആവിഷ്കരിക്കുകയും ചെയ്യാതെ പദ്ധതി നടപ്പാക്കിയതിനാൽ സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയതായും പദ്ധതിപ്പണം പാഴായതായും ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്റ്റ് കൃത്യമായി മോണിട്ടർ ചെയ്യാതെയാണ് തുക നൽകിയിട്ടുള്ളത്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-11 പദ്ധതികൾ പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളിൽ ഗുണഭോക്താക്കൾ പദ്ധതി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നില്ല.

1) പ്രോജക്റ്റ് നം:-27/2019, വീട് വാസയോഗ്യമാക്കൽ

അടങ്കൽ:-1950000(വികസന ഫണ്ട്-ജനറൽ)

ചെലവ് :-1875000

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | ആകെ സബ്സിഡി | അനുവദിച്ച തുക | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | സുജാ രാധാകൃഷ്ണൻ<br>മട്ടയ്ക്കൽ വീട്, ഉതിമൂട് പി.ഒ<br>റാന്നി | 50000 | 25000 | 19/18-19<br>/21.12.2018 |
| 2 | ഇന്ദിരാ ദേവി എ.ജി.<br>അറയ്ക്കൽ പുറത്തുട്ട്<br>പുതുശ്ശേരിമല | 50000 | 25000 | 22/18-19<br>/29.01.2018 |
| 3 | ലൈസാമ്മ തോമസ്<br>കണ്ടത്തുങ്കൽ തടത്തിൽ<br>കുമ്പളാംപൊയ്ക<br>ഉതിമൂട് പി.ഒ | 50000 | 25000 | 22/18-19<br>/29.01.2018 |

2) പ്രോജക്റ്റ് നം:-27/2019, വീട് വാസയോഗ്യമാക്കൽ(എസ്.സി.പി)

അടങ്കൽ:-600000 (575300-വികസന ഫണ്ട്-എസ്.സി.പി+24700-തനത് ഫണ്ട്)

ചെലവ്:-450000

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | ആകെ സബ്സിഡി | അനുവദിച്ച തുക | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | സ്വർണ്ണമ്മ<br>വിരുത്തിക്കാട്ടിൽ,<br>ഉതിമൂട് | 100000 | 50000 | 16/18-19/<br>13.12.2018 |
| 2 | എം.കെ രാഘവൻ<br>ഒറ്റക്കൽ വീട്<br>ഉതിമൂട് | 100000 | 50000 | 21/18-19/<br>22.01.2019 |
| 3 | തങ്കമണി<br>തോപ്പിൽ മുരുപ്പേൽ<br>ഉതിമൂട് | 100000 | 50000 | 29/18-19/<br>19.03.2019 |

3) പ്രോജക്റ്റ് നം:-27/2019, ലൈഫ് മിഷൻ പ്രോജക്റ്റ്

അടങ്കൽ:-1950000(വികസന ഫണ്ട്-ജനറൽ)

ചെലവ്:-1875000

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | ആകെ സബ്സിഡി | അനുവദിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | സരസമ്മ വി.സി.<br>വിലങ്ങിൽ | 400000 | 360000 | 40000 |

| | | | | |
|---|---|---|---|---|
| | തോട്ടമൺ<br>വാർഡ്-1 | | | |
| 2 | പങ്കജാക്ഷി<br>ചരിവുകാലായിൽ<br>പുതുശ്ശേരിമല<br>വാർഡ്-7 | 400000 | 360000 | 40000 |
| 3 | ആന്റണി റ്റി വി<br>അമ്പിളി ഭവനം<br>പുതുശ്ശേരിമല | 400000 | 381771 | 18229 |

ടി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 3-12 ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | 157/19 പാലിന് സബ്സിഡി |
| അടങ്കൽ | 400000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 140787 |

ഡയറി ഫാം ഇൻസ്ടക്ടർ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി പദ്ധതി പ്രകാരം ഉതിമൂട് ക്ഷീരോത്പാദക സഹകരണസംഘം, പുതുശ്ശേരിമല ക്ഷീരോത്പാദക സഹകരണസംഘം എന്നിവിടങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ നിന്ന് താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ക്ഷീരോത്പാദക സഹകരണസംഘങ്ങൾ നൽകിയ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നമ്പരും ട്രഷറി ബില്ലിലെ അക്കൗണ്ട് നമ്പരും വ്യത്യസ്തമാണ് എന്ന് ബോധ്യമായി. ഇവരുടെ അക്കൗണ്ട് നമ്പർ സംബന്ധിച്ച കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതിനാൽ ആനുകൂല്യം ലഭിച്ചത് യഥാർത്ഥ ഗുണഭോക്താക്കൾക്ക തന്നെയാണെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടി അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | പേര് | സംഘത്തിലെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നമ്പർ | ട്രഷറി ബില്ലിലെ ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | അനിൽ തോമസ് | 10284111338 | 1024111338 |
| 2 | ഷൈലജ | 37103826914 | 67325128448 |
| 3 | ജോൺസൺ.എ.ജി | 37192640425 | 10610100079536 |
| 4 | ജോൺ | 37192640390 | 10610100109010 |
| 5 | മേരി വർഗ്ഗീസ് | 37192640367 | 10610100044928 |
| 6 | കമലാസനൻ | 37192640356 | 084301000008291 |
| 7 | മാത്യു വർഗ്ഗീസ് | 67088459545 | 10610100083702 |
| | | | |

| | | | |
|---|---|---|---|
| 8 | ജോസ് വർഗ്ഗീസ് | 084301000008275 | 084303951500006 |
| 9 | പ്രസന്ന.പി.ഡി | 2319101045793 | 2309101045793 |
| 10 | ശോഭ മനോജ് | 2319108045803 | 57030002396 |

ടി പദ്ധതി പ്രകാരം പുതുശ്ശേരിമല ക്ഷീരോത്പാദക സഹകരണസംഘത്തിൽ ഉൾപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ക്ഷീരോത്പാദക സഹകരണസംഘം നൽകിയ രേഖകൾ പ്രകാരമുള്ള ആനുകൂല്യമല്ല നൽകിയിരിക്കുന്നത് .

| ഗുണഭോക്താവിന്റെ പേര് | സംഘം നൽകിയ രേഖകൾ പ്രകാരമുള്ള പാലിന്റെ അളവ് | നൽകിയ ആനുകൂല്യം | നൽകാവുന്ന ആനുകൂല്യം |
|---|---|---|---|
| പീതാംബരൻ ആശാരികാലായിൽ പുതുശ്ശേരിമല | 866 ലിറ്റർ | 3664 രൂപ | 866*4 =3464രൂപ |
| വിശ്രുത ആത്മാനന്ദ | 670 ലിറ്റർ | 2124 രൂപ | 670*4 = 2680രൂപ |

ഈ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/26.06.2019) നൽകിയെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പരമാവധി ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. അപാകതകൾക്ക് രേഖാമൂലം മറുപടി ഉറപ്പാക്കേണ്ടതാണ്.

## 3-13 എസ്.എസ്.എ- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | എസ്.എസ്.എ വിഹിതം അടവാക്കൽ (5/18-19) |
| വകയിരുത്തിയ തുക | 570000- വികസന ഫണ്ട് |
| ചെലവഴിച്ച തുക | 570000 |
| ബിൽ നമ്പരും തീയതിയും | ബിൽ നം-1 തീയതി 13-06-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ് പുതുശ്ശേരിമല |

എസ്.എസ്.എ പദ്ധതി നിർവ്വഹണത്തിനായി 570000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ 13-06-2018-ൽ എസ്.എസ്.എ കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം- 198210105940) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകി. എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് കൈപ്പറ്റ് രേഖകൾ ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്നും വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയില്ല. കൂടാതെ തുക വിനിയോഗിച്ചത് സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത രേഖകൾ ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-14 സാന്ത്വനപരിചരണം - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 45/19 |
| അടങ്കൽ<br>(വികസനഫണ്ട്-പൊതു)<br>ജില്ലാ പഞ്ചായത്ത് വിഹിതം | 400000<br>204200 |
| ചെലവ്<br>(വികസനഫണ്ട്-പൊതു) | 400000<br>200000 |

| | |
|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | |

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,വെച്ചൂച്ചിറ) നിർവ്വഹണം നടത്തിയ സാന്ത്വനപരിചരണം പദ്ധതി പ്രകാരം രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് 24600 രൂപ 30.03.2019ൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ട്രാൻസ്ഫർ ക്രെഡിറ്റായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ശയ്യാവലംബികളായ രോഗികളുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഭരണസമിതിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-15 ഹോംകോയിൽ നിന്ന് മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 58/19 |
| അടങ്കൽ<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 75000 |
| ചെലവ്<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 75000 |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ പദ്ധതി പ്രകാരം രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി 28.06.2018ലെ ട്രഷറി ബിൽ നം.1/18-19പ്രകാരം 75000 രൂപ ഹോംകോയിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. സാധാരണക്കാരായ രോഗികളുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഭരണസമിതിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലഭ്യമാകുന്ന മുറയ്ക്ക് മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-16 ആശ്രയ പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ഗ്രാമപഞ്ചായത്തിൽ നിലവിൽ 2 ഘട്ടത്തിലുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ 12 ഉം രണ്ടാം ഘട്ടത്തിൽ 74 ഉം ഗുണഭോക്താക്കൾ ഉണ്ട്. 2018-19 വർഷം ഭക്ഷണ കിറ്റ് വിതരണം ചെയ്യുന്നതിനായി 191776 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ആശ്രയ മാർഗ്ഗരേഖ പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. വീട് വയ്ക്കാൻ സ്ഥലം, വീട്, വീട് പുനരുദ്ധാരണം, കക്കൂസ്, കുടിവെള്ളം, കറണ്ട് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾക്കുള്ള ഫണ്ടാണ് സ്ഥാപനങ്ങൾ വഹിക്കേണ്ടത്. ജനറൽ, എസ്.സി./എസ്.ടി. എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രോജക്റ്റിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. അതുകൊണ്ടു തന്നെ പ്രോജക്റ്റ് ആരംഭിച്ച് ആദ്യ വർഷങ്ങളിൽതന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് പ്രത്യേക പ്രോജക്റ്റ് വിഭാവനം ചെയ്ത് ഫണ്ട് വകയിരുത്തുന്ന രീതിയാണ് പഞ്ചായത്ത് ചെയ്തുവരുന്നത്. ആയതിനാൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ ആവശ്യങ്ങൾ പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. മേൽ വിഷയത്തിൽ പഞ്ചായത്ത് സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-17 നിക്ഷേപ പ്രവൃത്തികൾ -അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി-18 പ്രകാരം കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ (മുൻവർഷങ്ങളിലേതുൾപ്പെടെ) 1972780 രൂപയുടെ പ്രവൃത്തികൾക്കും പിഡബ്ല്യുഡിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ (മുൻവർഷങ്ങളിലെ) 585000 രൂപയുടെ പ്രവൃത്തികൾക്കും വിനിയോഗ സാക്ഷ്യപത്രം കിട്ടാതെ അവശേഷിക്കുന്നു. ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ തയ്യാറാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ യഥാസമയം ഉൾപ്പെടുത്തേണ്ടതും ഡെപ്പോസിറ്റ് തുകകളുടെ കണക്കുകൾ വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 863468 | ലൈഫ് ഭവന പദ്ധതി | 863468 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 331387 | ലൈഫ് ഭവന പദ്ധതി (എസ് സി പി) | 68857 | 262530 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 61312 | ലൈഫ് ഭവന പദ്ധതി | 61312 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 613839 | എം.എൻ ലക്ഷം വീട് നവീകരണം | 200000 | 413839 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1881000 | സുഫലം | 1881000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | പാലിന് സബ്സിഡി | 140787 | 259213 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | പോഷകാഹാര പരിപാടി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 50000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2018-19 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പരും പേരും | ഡെപ്പോസിറ്റ് തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 1 | 59/19, തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 709770 | കെ എസ് ഇബി |

പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽ നിന്നു വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(മുതൽ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(മുതൽ) |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ പദ്ധതി | 1779088 | | - | - | 1779088 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2004-05 | അദ്ധ്യായം I 1-1 | മരാമത്ത് പണികൾ പൊതു പരാമർശം | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | അദ്ധ്യായം I 1-11 | നികുതികളും വിഹിതങ്ങളും അടക്കുന്നില്ല കുടിശ്ശിക 10.5കോടി | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | അദ്ധ്യായം 2 2-2 | നിക്ഷേപ പദ്ധതികൾ പൂർത്തിയായില്ല- പദ്ധതി വിഹിതം 18.19കോടി വിവിധ സ്ഥാപനങ്ങളിൽ | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | അദ്ധ്യായം 2 2-3 | തൊഴിൽ സംരംഭങ്ങൾ അടച്ചു പൂട്ടി-പദ്ധതി വിഹിതം 4.02 കോടി നഷ്ടം | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | അദ്ധ്യായം 2 2-3 | കാർഷിക യന്ത്രവത്ക്കരണം- ലക്ഷ്യം നേടിയില്ല | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2006-07 | 3.18.1 | ജനകീയാസൂത്രണം- | മറുപടി |

| | | | |
|---|---|---|---|
| | | വ്യക്തിഗത ആനുകൂല്യം- വൗച്ചറുകൾ ഫയലുകൾ എന്നിവ ഹാജരാക്കിയില്ല | സമർപ്പിച്ചിട്ടുണ്ട് |
| 2006-07 | 3.18.2 | തെരുവ് വിളക്ക് സ്ഥാപിക്കൽ- വൈദ്യുത ബോർഡിൽ അടവാക്കിയത് 138100രൂപ | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2007-08 | 3.13 | പൊതുപരാമർശം | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2011-12 | 2.3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2016-17 | അദ്ധ്യായം-2 | തൊഴിൽ നികുതി | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2016-17 | അദ്ധ്യായം-2 | തൊഴിൽ നികുതി | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ വ്യക്തികളുടെ പേര്/ ഉദ്യോഗപ്പേര് | സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക (രസീത് നം/ തീയതി) | ആർ.ആർ നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം] | 61988350.21 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51422728 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46031 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **282593** |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 21631 | ശ്രീ.രവീന്ദ്രൻ പിള്ള, സെക്രട്ടറി<br>ശ്രീമതി.സുധാകുമാരി, സെക്രട്ടറി |
| 3-2(1) | | 6100 | ശ്രീമതി.സുധർമ്മണി.എസ്സ്, ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ |
| 3-2(2) | | 18300 | ശ്രീമതി.സുധർമ്മണി.എസ്സ്, ഐ.സിഡി.എസ്സ്. സൂപ്പർവൈസർ |
| **ആകെ** | | **46031** | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 33432 | ശ്രീമതി.സുധാകുമാരി, സെക്രട്ടറി |
| 3-2(2) | 30500 | ശ്രീമതി.സുധർമ്മണി.എസ്സ്, ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ |
| 3-3 | 30000 | ശ്രീമതി.സുധർമ്മണി.എസ്സ്, ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ |
| 3-4 | 188661 | ശ്രീമതി.സുധർമ്മണി.എസ്സ്, ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ |
| **ആകെ** | **282593** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജി.സുധാകുമാരി, സെക്രട്ടറി | സെക്രട്ടറി<br>റാന്നി ഗ്രാമപഞ്ചായത്ത് | കൃഷ്ണ വിലാസം<br>റാന്നി<br>ഇടമൺ പി.ഒ |
| | | |

| | | |
|---|---|---|
| ശ്രീ.രവീന്ദ്രൻ പിള്ള, സെക്രട്ടറി | റിട്ടയേർഡ് | ദേവി പ്രിയ<br>തെക്കുംഭാഗം<br>ചവറ സൗത്ത്<br>കൊല്ലം |
| ശ്രീമതി സുധർമ്മണി.എസ്സ്,<br>ഐസിഡിഎസ്സ് സൂപ്പർവൈസർ | ഐസിഡിഎസ്സ് സൂപ്പർവൈസർ,<br>റാന്നി അങ്ങാടി | അഖിൽ നിവാസ്<br>മൊട്ടലുവിള<br>പുല്ലയിൽ പി.ഒ<br>കിളിമാനൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4/558/2003<br>തീയതി 15-09-2003 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി 4/559/2003<br>തീയതി 23-03-2004 | 6 |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/182/2005<br>തീയതി 17-06-2005 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/549/2007<br>തീയതി 13-11-2007 | എല്ലാ ഖണ്ഡികകളും |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3/28/00<br>തീയതി 24-04-2001 | 19 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 4/299/2002 തീയതി 13-12-2002 | 37 |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/334/2005തീയതി 04-05-2006 | 9 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/420/2003<br>തീയതി 05-12-2003/17-04-2004 | എല്ലാ ഖണ്ഡികകളും |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/421/2003 തീയതി 08- | |

| | | |
|---|---|---|
| | 01-2004/19-07-2004 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/251/2006 തീയതി 12-09-2006 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5/590/2009 തീയതി 19-01-2010/12-08-2010 | |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി5/591/2009 തീയതി 19-01-2010 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4/181/2007 തീയതി 07-03-2007 | 7 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി8/285/2008 തീയതി 05-02-2009/14-01-2010 | 10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8/42/2010തീയതി 06-05-2011/10-06-2011 | 5 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.8/43/2010 തീയതി 06-05-2011/07-06-2011 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.8/158/2011 തീയതി 29-03-2011/11-04-2011 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി8/159/11 തീയതി 29-03-2011/11-04-2011 | 25 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.8/188/11 തീയതി 11-05-2011/09-06-2011 | 27 |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 8/300/2011 തീയതി 11-05-2011/07-06-2011 | 21 |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി 6/613/2013 തീയതി 11-11-2013/19-03-2014 | 18 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 6/614/2013 തീയതി 11-11-2013/19-03-2014 | 14 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/159/2015 തീയതി 13-05-2015/23-05-2015 | 30 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി 6/480/2015 തീയതി 25-07-2015 | 8 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.പി.റ്റി.എ -പി 6/837/2016 തീയതി 25-07-2016 | 8 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ -പി 6/1292/2016 തീയതി 03-12-2016 | 22 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ -പി 6/667/2017തീയതി 17.06.2017 | 19 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി 6/89/2019 തീയതി: 22.02.2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വിജയലക്ഷ്മി പി.കെ.**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ.പി.റ്റി.എ.പി6/720/2019** **തീയതി: 25.07.2019**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **റാന്നി ഗ്രാമപഞ്ചായത്തിന്റെ** 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **റാന്നി ഗ്രാമപഞ്ചായത്തിന്റെ** 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**വിജയലക്ഷ്മി പി.കെ.**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

# AUDIT CERTIFICATE

**No.KSAPTA.P6/720/2019** **Date: 25.07.2019**

Certified that I have Audited the Annual Financial Statement of **Ranni Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ranni Grama Panchayat** for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

Vijaylakshmi. P.K
Deputy Director
Kerala State Audit Department
Pathanamthitta